# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-9/1051/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1,3-2 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-9/1051/2021 തീയ്യതി: 19/03/2022

## ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 03-11-2021 | 17-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-11-2021 | 17-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ദീപാ കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഉണ്ണികൃഷ്ണൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| എസ് അജിത | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ആർ ഹേമലത | സെക്രട്ടറി | 01-04-2019 | 11-07-2019 |
| വൈ ഷാജഹാൻ | സെക്രട്ടറി | 15-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജ്മി എച്ച്, | കൃഷി ഓഫീസർ | 01-04-2019 | 07-12-2019 |
| ഐശ്വര്യ റ്റി, | കൃഷി ഓഫീസർ | 17-12-2019 | 31-03-2020 |
| ബിനിൽ ബി ചന്ദ്രൻ, | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| സാഹി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 30-11-2019 |
| ലക്ഷ്മി എസ് നായർ, | ഐ.സി,ഡി.എസ് സൂപ്പർവൈസർ | 01-12-2019 | 31-03-2020 |
| നൂപുര | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. പ്രീത എച്ച്, | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 14-03-2020 |
| ഡോ. ശേഷ് നാഗ്.എം.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 15-03-2020 | 31-03-2020 |
| ഡോ.നിഷ | മെഡിക്കൽ ഓഫീസർ(ഹോമിയോ | 01-04-2019 | 31-03-2020 |
| ജിനു അരവിന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രുതി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ജയശ്രീ ജെ.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 16-12-2019 |
| ബീന തോമസ് ജോൺ | അസിസ്റ്റന്റ് സെക്രട്ടറി | 17-12-2019 | 09-01-2020 |
| അനീസ്യ ലാൽ | അസിസ്റ്റന്റ് സെക്രട്ടറി | 10-01-2020 | 31-03-2020 |
| സജീദ | ഹെഡ്മിസ്ട്രസ്, മംഗലം എൽ.പി.എസ്. | 01-04-2019 | 31-03-2020 |
| വി.ആർ.അപ്പൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| വേക്കന്റ് | കൃഷി ഓഫീസർ | 08-12-2019 | 16-12-2019 |
| സുരേഷ് കുമാർ.എൻ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 19-09-2019 |
| വേക്കന്റ് | ഫിഷറീസ് സബ് | 20-09-2019 | 25-11-2019 |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ | | |
| ലൂസി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 26-11-2019 | 31-03-2020 |

ജയശ്രീ.ജെ.സി. അസിസ്റ്റന്റ് സെക്രട്ടറി (Additional Charge) 12.07.2019-14.07.2019

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sajitha Das (Audit Officer (HG), On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sajitha Das (Audit Officer (HG), On 18-11-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 21-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Sajitha Das (Audit Officer (HG), On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Sajitha Das (Audit Officer (HG), On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sajitha Das (Audit Officer (HG), On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sajitha Das (Audit Officer (HG), On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-5 |
| 7 | തൊഴിലുറപ്പുപദ്ധതി<br>Written By: Sajitha Das (Audit Officer (HG), On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Sajitha Das (Audit Officer (HG), On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sajitha Das (Audit Officer (HG), On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 22-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-9 |
| 11 | വസ്തുനികുതി- എല്ലാ വരുമാന സാധ്യതകളും ഉപയോഗപ്പെടുത്തുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-10 |
| 12 | സ്ഥാപനങ്ങളെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-11 |
| 13 | അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ചുമത്തിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-12 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-13 |
| 15 | സ്ഥാപനങ്ങൾക്ക് ബാധകമായ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-14 |
| 16 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-15 |

| | | |
|---|---|---|
| 17 | പ്ലൈവുഡ് വള്ളങ്ങൾക്ക് വല നൽകൽ - സബ്സിഡി അധികം നൽകി<br>Written By: A.P.Shibu (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-16 |
| 18 | ഗാർഹിക കുടിവെള്ള കണക്ഷൻ - 2018 ൽ പൈപ്പ് ലൈൻ കണക്ഷൻ എടുത്തയാൾക്ക് 2019-20 ലെ പ്രോജക്ടിലുൾപ്പെടുത്തി ആനുകൂല്യം നൽകി<br>Written By: Deepa.K.Gopal (Asst. Audit Officer, On 22-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-17 |
| 19 | ഗാർഹിക കുടിവെള്ള കണക്ഷൻ - അനർഹർക്ക് ആനുകൂല്യം നൽകി<br>Written By: Deepa.K.Gopal (Asst. Audit Officer, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-18 |
| 20 | ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ -അധികമായി ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ലഭിച്ചില്ല<br>Written By: Sindhya.P (Asst. Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-19 |
| 21 | ഫിഷറീസ് ഹോസ്പിറ്റൽ മുതൽ 14-ാം നമ്പർ റോഡ് ഫില്ലിംഗ് ആന്റ് പാർശ്വഭിത്തി നിർമ്മാണം - പിഴ ഈടാക്കിയതിൽ കുറവ്<br>Written By: Sajitha Das (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-20 |
| 22 | കുട്ടികളുടെ അവധിക്കാല ക്യാമ്പ് നടത്തുന്നതിനായി ചെലവഴിച്ച തുക കിലയിൽ നിന്ന് റീഇംബേഴ്സ് ചെയ്ത് ലഭിച്ചിട്ടില്ല<br>Written By: Sindhya.P (Asst. Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-21 |
| 23 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-22 |
| 24 | മംഗലം യു.പി.എസ് മെയിന്റനൻസ് (S0084/19) - ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾക്ക് സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾ സ്വീകരിച്ചില്ല- ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി<br>Written By: Sajitha Das (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-23 |
| | **ഭാഗം 2** | |
| 1 | അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ചുമത്തിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 25-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 2-1 |
| | **ഭാഗം 3** | |
| 1 | ഗാർഹിക കുടിവെള്ള കണക്ഷൻ - അനർഹർക്ക് ആനുകൂല്യം നൽകി<br>Written By: Deepa.K.Gopal (Asst. Audit Officer, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 3-1 |
| 2 | പ്ലൈവുഡ് വള്ളങ്ങൾക്ക് വല നൽകൽ -സബ്സിഡി അധികമായി അനുവദിച്ചു<br>Written By: Sajitha Das (Audit Officer (HG), On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Deepa.K.Gopal (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Deepa.K.Gopal (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| | Written By: Deepa.K.Gopal (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Susha.T.Pillai (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Deepa.K.Gopal (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa.K.Gopal (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Deepa.K.Gopal (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Deepa.K.Gopal (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Deepa.K.Gopal (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Deepa.K.Gopal (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 15-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 04.02.19 ലെ I(2)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 382420743.69 | 372376100 |
| വാർഷിക കണക്ക് പ്രകാരം<br>(ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പ്രകാരം) | 140965498 | 144950923 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ ഭീമമായ അന്തരമാണുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ്, ഉപവകുപ്പ് (1) അനുസരിച്ച് ഈ നിയമത്തിലെ 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും, അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്കുണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന് മുൻപായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും, അതതുവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും, അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഘടക സ്ഥാപനങ്ങളോ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളോ ഇപ്രകാരം ബഡ്ജറ്റ് നിർ ദ്ദേശങ്ങൾ നൽകിയിട്ടില്ല . ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിലൊന്നും തന്നെ ഇപ്രകാരം നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല .

2019-20 സാമ്പത്തിക വർഷം വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വേണ്ടി 10.01.19ൽ കമ്മിറ്റി കൂടിയിരുന്നു. എന്നാൽ വകയിരുത്തിയ തുകയുടെ വിശദാംശം രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികളൊന്നും (ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി) ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 12/05/2020 - ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

#### 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.
വാർഷിക ധനകാര്യപത്രികയിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1)വസ്തുനികുതി കുടിശ്ശിക: വാർഷിക കണക്കുകൾ പ്രകാരമുള്ള കുടിശ്ശികയും ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യത്യാസപ്പെടുന്നതായി കാണുന്നു.

2)തൊഴിൽ നികുതി (ട്രേഡേഴ്സ്/സ്ഥാപനം) കുടിശ്ശികയുണ്ടെങ്കിലും ഈ വിവരം ഡിമാൻഡ് രജിസ്റ്ററിലോ വാർഷിക കണക്കിലോ ഉൾപ്പെടുന്നില്ല.

3) അഡ്വാൻസുകൾ ചെലവായി ബുക്കുചെയ്തതിനാൽ വിനിയോഗം നിരീക്ഷിക്കാനാവില്ല. നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്കിനായി പണം നൽകിയിട്ടുണ്ടെങ്കിലും ഇത് അഡ്വാൻസ് എന്ന രീതിയിലല്ല കണക്കുകളിൽ ഉൾപ്പെടുത്തിയത്.

4) കാലഹരണപ്പെട്ട ചെക്ക് ലയബിലിറ്റി ശീർഷകത്തിലേക്ക് മാറ്റിയില്ല.

### 1-3 സാമ്പത്തിക വിശകലനം

| 2019-20 (റസീറ്റ് ആൻഡ് പേയ്മെന്റ് പ്രകാരം) |
|---|

| | |
|---|---|
| മുന്നിരിപ്പ് | 15943638.89 |
| വരവ് | 64200580 |
| ആകെ | 80144218.89 |
| ചെലവ് | 63311216 |
| നീക്കിയിരിപ്പ് | 16833002.89 |

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നം | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP-7 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 24307764 | 4874236 | 13906003 | 18780239 | 5527525 |
| 2 | വികസനഫണ്ട്-എസ്.സി.പി | 3636000 | 0 | 1614201 | 1614201 | 2021799 |
| 3 | വികസനഫണ്ട്-ടി.എസ്.പി | 83000 | 0 | 0 | 0 | 83000 |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 10770000 | 0 | 7560619 | 7560619 | 3209381 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | 6791000 | 0 | 2213937 | 2213937 | 4577063 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 16376037 | 0 | 8173147 | 8173147 | 8202890 |

ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ

| ക്രമ നം. | ഇനം | തുക | ഫണ്ടിനം |
|---|---|---|---|
| 1 | വെള്ളക്കരം | 4373884 | വികസനഫണ്ട്-പൊതുവിഭാഗം |
| 2 | ഇലക്ട്രിസിറ്റി ചാർജ്ജ് | 352 | വികസനഫണ്ട് പൊതുവിഭാഗം |
| 3 | കെ.യു.ആർ.ഡി.എഫ്.സി ലോൺ റീ പേമെന്റ് | 500000 | വികസനഫണ്ട് പൊതുവിഭാഗം |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2019-20 | 177 | 66913500 | 63 | 2394335 | 26 | 88 | 50.28 |

## 1-6 തൊഴിലുറപ്പ്പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 650 | 1732260 | 1732910 | 932274 | 800636 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | | | | |
| മെറ്റീരിയൽസ് | 0 | 20003000 | 20003000 | 20003000 | 0 |

| | | | | | |
|---|---|---|---|---|---|
| വേതനം | 0 | 59387000 | 59387000 | 59387000 | 0 |
| നൂറ് ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്തവർക്കുള്ള ഫെസ്റ്റിവൽ അലവൻസ് | 0 | 4527000 | 4527000 | 4527000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 166080 | 75 |
| കർഷകതൊഴിലാളി പെൻഷൻ | 345000 | 60 |
| വിധവാപെൻഷൻ | 5892000 | 950 |
| വാർദ്ധക്യകാലപെൻഷൻ | 6785100 | 1490 |
| വികലാംഗപെൻഷൻ | 2595400 | 450 |
| അവിവാഹിതപെൻഷൻ | 514200 | 80 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 0 | |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2021, 3pm-ന് നടത്തുകയുണ്ടായി. പരിശോധനയിൽ 7159/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. പല സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് ബുക്കുകൾ പോലും അപൂർണ്ണവും സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതുമാണ്.

ഉദാ: വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 24.10.18 മുതൽ 11.04.19വരെ, 1/20 മുതൽ 8.5.20 വരെയുള്ള മിനിറ്റ്സ് ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 20.09.19, 23.12.19, 27.01.20, 05.02.20, 09.02.21, 20.4.21 തീയതികളിലെ മിനിറ്റ്സ് ബുക്കുകൾ ഇതേ വരെയും ക്ലോസ് ചെയ്തിട്ടില്ല.

4.തനത് വരുമാന ഇനങ്ങളുമായി ബന്ധപ്പെട്ട ലേല രജിസ്റ്റർ, ലൈസൻസ്, തൊഴിൽ നികുതി തുടങ്ങിയ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം ഡി.സി.ബി തയ്യാറാക്കുകയും സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

6. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗൗരവകരമായ സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

7.റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

8.പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 വസ്തുനികുതി- എല്ലാ വരുമാന സാധ്യതകളും ഉപയോഗപ്പെടുത്തുന്നില്ല

18.11.19-ലെ സ.ഉ(അച്ചടിച്ചത്) 82/2019/ത.സ്വ.ഭ.വ പ്രകാരം താഴെപ്പറയുന്ന ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

1.വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്

2.ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ

കൂടാതെ 8.9.2020 ലെ സ.ഉ(അച്ചടിച്ചത്) 53/2020 ത.സ്വ.ഭ.വ പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ ആയി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിനും നിർദേശിച്ചിരുന്നു.

ഉത്തരവുകൾ പ്രകാരം പുതുതായി ആറ് ഉപയോഗക്രമങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള ഉപയോഗക്രമങ്ങളുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യഹോസ്റ്റൽ, ഹോം സ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | 3 | 8 |
| 3 | MSME ഡെവലപ്പ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 5 | കാർഷികാവശ്യത്തിനുള്ളവ | 0 | 0 |
| 6 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

എന്നാൽ ഈ നികുതിനിരക്കുകളിൽ പഞ്ചായത്ത് സമിതി തീരുമാനമെടുക്കുകയോ സഞ്ചയയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ടൂറിസം സാധ്യതകൾ വളരെയധികമുള്ള പഞ്ചായത്തിൽ ആയുർവേദ സുഖ ചികിത്സ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട് എങ്കിലും ഈ കെട്ടിടത്തെ ആശുപത്രി എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചത്. അടിസ്ഥാന വസ്തുനികുതിയിൽ തന്നെ 25 ഇരട്ടി നികുതിയുള്ള (ആശുപത്രികൾ - 6 , ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ -കുറഞ്ഞ നികുതി 150) ആയുർവേദ സുഖ ചികിത്സ കേന്ദ്രത്തിന്റെ അടിസ്ഥാന വസ്തുനികുതി പഞ്ചായത്ത് പ്രമേയം മൂലം തീരുമാനിക്കുക പോലും ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് സമിതിയുടെ സവിശേഷമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-11 സ്ഥാപനങ്ങളെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തില്ല

2018-19 വർഷത്തെ രജിസ്റ്ററിൽ ഉൾപ്പെട്ട നിരവധി സ്ഥാപനങ്ങളിൽ 2019-20 വർഷം തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളെ പട്ടികയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | 18-19 ൽ നികുതി ഒടുക്കിയ |
|---|---|---|

| | | ജീവനക്കാർ |
|---|---|---|
| 1 | ആർ.വി ഹോസ്പിറ്റൽ | 5 |
| 2 | SCB ആറാട്ടുപുഴ A195 | 1 |
| 3 | മത്സ്യതൊഴിലാളി സഹകരണസംഘം തറയിൽകടവ് | – |
| 4 | നല്ലാണിക്കൽ എസ്സ്.സി.ബി നം-2600 | 2 |
| 5 | കണ്ടപ്പുറം ക്ഷീരോത്പാദക സഹകരണ സംഘം | 2 |
| 6 | ആറാട്ടുപുഴ ക്ഷീരോത്പാദന സഹകരണ സംഘം | 2 |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. ടി സ്ഥാപനങ്ങളെ ഡിമാൻഡ് ചെയ്യാതിരുന്നതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 6/20-21/9-11-21) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി നൽകുന്നവരുടെ മാത്രം വിവരങ്ങൾ മാത്രം ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിപാലിക്കുന്ന രീതി ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാൻഡിൽ കുറവ് വരുത്തുന്നതിനിടയാക്കി. ആറ് സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ഗ്രാമപഞ്ചായത്തിന് നഷ്ടമായി. സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയുടെ ഉയർന്ന പരിധിയിൽ കണക്കാക്കിയാൽ 15000 രൂപയുടെ ഡിമാൻഡിൽ കുറവ് വന്നിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത്പിരിച്ചെടുക്കേണ്ടതാണ്.

## 1-12 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ചുമത്തിയില്ല

125000 രൂപക്ക് മുകളിൽ അർദ്ധവാർഷിക വരുമാനമുള്ളവരിൽനിന്നും പരമാവധി തൊഴിൽ നികുതിയായ 1250 രൂപയാണ് ഗ്രാമപഞ്ചായത്ത് ഈടാക്കുന്നത്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാന പത്രിക പ്രകാരം അവരുടെ വരുമാനം 125000 രൂപക്ക് മുകളിലായിരുന്നിട്ടും അവരിൽ നിന്നും 1250 രൂപ ഡിമാൻഡ് ചെയ്ത്ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. ഇത് മൂലം ഗ്രാമപഞ്ചായത്തിന് 750 രൂപയുടെ നഷ്ടമുണ്ടായി.

| സ്ഥാപനം | ജീവനക്കാരന്റെ /ജീവനക്കാരിയുടെ പേര് | അർദ്ധ വർഷം | തസ്തിക | ആകെ അർദ്ധ വാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| ഗവ.ഫിഷറീസ് ഡിസ്പെൻസറി | പ്രീയ.ആർ | I | ഓഫീസ് അറ്റൻഡന്റ് | 126000 | 1250 | 1000 | 250 |
| പ്രഥമികാരോഗ്യ കേന്ദ്രം | ഷീജ.ഐ | I | നേഴ്സിംഗ് അസിസ്റ്റന്റ് | 177120 | 1250 | 1000 | 250 |
| ഗവ.ആയുർവേദ ഡിസ്പെൻസറി | നാസർ.എ | II | അറ്റൻഡർ | 129600 | 1250 | 1000 | 250 |

കുറവ് വന്ന തുക ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും ഈടാക്കുന്നതാണെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം- 1/19-20) തുക ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത്ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|

| | | |
|---|---|---|
| 1 | മത്സ്യഫെഡ് പ്രോജക്റ്റ് ഓഫീസ്, തറയിൽകടവ് | II |
| 2 | എസ്.എസ്.വി.എം. റസിഡൻഷ്യൽ സ്കൂൾ | II |
| 3 | പാഞ്ചജന്യം ആയുർവേദാശുപത്രി മണിവേലിക്കടവ് | I & II |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 സ്ഥാപനങ്ങൾക്ക് ബാധകമായ തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങൾക്ക്/ട്രേഡേഴ്സിന് ബാധകമായ തൊഴിൽ നികുതി ചുമത്തിയിട്ടില്ല.

| | | |
|---|---|---|
| 1 | യൂണിയൻ ബാങ്ക്, ആറാട്ടുപുഴ | I &II |
| 2 | മാവേലി സ്റ്റോർ, തറയിൽകടവ് | I &II |
| 3 | കെ.എസ്.ഇ.ബി ലിമിറ്റഡ്, ആറാട്ടുപുഴ | I &II |
| 4 | എസ്.സി.ബി പെരുമ്പള്ളി -1746 | I &II |
| 5 | ബി.എസ്.എൻ.എൽ | I &II |

ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങൾക്ക് ബാധകമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെങ്കിൽ ഈടാക്കി രസീതിന്റെ പകർപ്പ് സഹിതം, ഓഡിറ്റ് വകുപ്പിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2019-2020 വർഷം ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെന്റർ ഫീസിനത്തിൽ 38708 രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഒടുക്കു വരുത്തിയതായും പ്രസ്തുത അക്കൌണ്ടിൽ ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും തിരികെ ലഭിച്ചിട്ടില്ല എന്നുമാണ് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക. |
|---|---|
| 2019-2020 | 38708 |

2015-16 വർഷം മുതൽ 2019-2020 വർഷം വരെ ആകെ എത്ര തുകയാണ് ഇപ്രകാരം ഒടുക്കിയതെന്ന് കണ്ടെത്തേണ്ടതും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 പ്ലൈവുഡ് വള്ളങ്ങൾക്ക് വല നൽകൽ - സബ്സിഡി അധികം നൽകി

പ്രോജക്ടിന്റെ പേര് :- പ്ലൈവുഡ് വള്ളങ്ങൾക്ക് വല നൽകൽ (പരമ്പരാഗത മത്സ്യത്തൊഴിലാളി )

പ്രോജക്ട് നം.97/20

അടങ്കൽ-9,00,000 - (4,50,000 (വികസനഫണ്ട്), 4,50,000 (ഗുണഭോക്തൃവിഹിതം) )

നിർവഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫീഷറീസ്,

വള്ള ഉടമസ്ഥരായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പത്ത് മീറ്റർ OAL (Overall Length) അധികരിക്കാത്ത FRP/മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ പഴയ വല മാറ്റി പുതിയത് വാങ്ങുന്നതിനായി നടപ്പാക്കിയ പദ്ധതിയാണിത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം യൂണിറ്റ് വിലയുടെ 50% പരമാവധി 25,000 രൂപയാണ് അനുവദനീയമായ സബ്സിഡി. ഗുണഭോക്തൃവിഹിതം മത്സ്യഫെഡിൽ അടച്ച് മത്സ്യഫെഡിൽ നിന്നും ആണ് വല വാങ്ങിയത്. അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1)ഫയലിനോടൊപ്പം ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ആകെ 18 ഗുണഭോക്താക്കൾക്കാണ് സബ്സിഡി ലഭ്യമാക്കിയിരിയ്ക്കുന്നത്. എന്നാൽ ഫയലിനൊപ്പം ലഭ്യമാക്കിയ മത്സ്യഫെഡ് ഇൻവോയിസ് പ്രകാരം 17 പേരുടെ ഇൻവോയിസ് മാത്രമേ ഹാജരാക്കിയുള്ളൂ. ഇതിൽ 16 പേർ 50,000 രൂപയുടെ ബില്ലുകൾ ഹാജരാക്കിയിരുന്നു. പ്രശാന്തൻ, തെക്കേപ്പുറം, വലിയഴീക്കൽ 19631/-രൂപയുടെ ബില്ലാണ് ഹാജരാക്കിയിരിയ്ക്കുന്നത്. ഷറഫുദ്ദീൻ, അലീഫാമൻസിൽ .കള്ളികാട് എന്ന വ്യക്തി ബിൽ ഹാജരാക്കിയിട്ടില്ല. ബിൽ ഹാജരാക്കാതെ തന്നെ ആകെ സബ്സിഡി തുകയായ 4,50,000 രൂപ മത്സ്യഫെഡ് വ്യാസ സ്റ്റോർ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്(ട്രഷറി ബിൽ നം. 1/22-03-20)മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/16-11-21 ലഭ്യമാക്കിയ മറുപടിയിൽ 19631/- രൂപയുടെ ബിൽ രണ്ട് പ്രാവശ്യമായി വല വാങ്ങിയതാണെന്നും ഒരു ബിൽ കൈമോശം വന്നു പോയിട്ടുള്ളതാണെന്നും ആയത് മത്സ്യഫെഡ് വ്യാസസ്റ്റോറിൽ നിന്നും കളക്ട് ചെയ്ത് സമർപ്പിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബിൽ ഹാജരാക്കാത്തതിനാൽ 15185/-രൂപ(25000-9815) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഷറഫുദ്ദീൻ,അലീഫാമൻസിൽ .കള്ളികാട് എന്ന വ്യക്തിയുടെ ബില്ലുകളോ മറ്റ് വിവരങ്ങളോ ഹാജരാക്കാത്തതിനാൽ അധികം നൽകിയ 25000 രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

2). വലയുടെ വിതരണ രേഖകൾ ലഭ്യമല്ല :- വല വാങ്ങുമ്പോൾ മത്സ്യഫെഡിൽ നിന്നും നൽകുന്ന ഇൻവോയിസുകൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. വലകൾ കൈപ്പറ്റിയതായുള്ള ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത്/വിതരണ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

3) സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യതൊഴിലാളിയും രജിസ്ട്രേഷനും ലൈസൻസുമുള്ള പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥനും ആയിരിക്കണം എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന ഗുണഭോക്താക്കൾ വള്ളത്തിന്റെ ലൈസൻസിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

1) ബിനു.പി,വലിയപറമ്പിൽ,കള്ളിക്കാട്

2)ബാബു,ചക്കാലപറമ്പിൽ.കള്ളിക്കാട്

3)ജോയി,ചിറയിൽ കള്ളിക്കാട്

4)സുരേഷ്,നിത്യാലയം(കേളംപറമ്പിൽ),മംഗലം

5)ദിനേശൻ,വലിയപറമ്പിൽ

4) സബ്സിഡി മാർഗ്ഗരേഖ പ്രകാരം 10 മീറ്റർ ഒ.എ.എൽ അധികരിയ്ക്കാത്ത എഫ്.ആർ.പി/മറൈൻ പ്ളൈവുഡ് വള്ളങ്ങളിലെ പഴയ വല മാറ്റി പുതിയ വല വാങ്ങുന്നതിനാണ് സബ്സിഡി അനുവദിയ്ക്കാൻ പറയുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും വള്ളത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ഉടമസ്ഥതയിലുള്ള വള്ളങ്ങളുടെ ആകെ നീളം പത്ത് മീറ്ററിൽ കൂടുതലാണ്.

1)പ്രശാന്തൻ,തെക്കേപുറത്ത്,തറയിൽക്കടവ്(13.5m)

2)രാജു.കെ,വലിയപറമ്പിൽ,കള്ളിക്കാട് (19.5 M)

5) ഗുണഭോക്താക്കളുടെ അപേക്ഷാ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 7/16-11-21 ലഭ്യമാക്കിയ മറുപടിയിൽ 19631/- രൂപയുടെ ബിൽ രണ്ട് പ്രാവശ്യമായി വല വാങ്ങിയതാണെന്നും ഒരു ബിൽ കൈമോശം വന്നു പോയിട്ടുള്ളതാണെന്നും ആയത് മത്സ്യഫെഡ് വ്യാസസ്റ്റോറിൽ നിന്നും കളക്ട് ചെയ്ത് സമർപ്പിയ്ക്കുന്നതാണെന്നും അക്വിറ്റൻസ് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ തുക അടച്ചാലും വള്ളത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാൻ താമസമുണ്ട് എന്നാണ് അറിയിച്ചിരിയ്ക്കുന്നത്. ആയത് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് പരാമർശം 4ന് നൽകിയ മറുപടിയിൽ വലിയ തുക അടച്ച് പദ്ധതിയിൽ പങ്കാളിയാകാൻ ഗുണഭോക്താക്കൾ കുറവായിരുന്നതിനാലും പഞ്ചായത്ത് കമ്മിറ്റിയിൽ സംസാരിച്ച് ധാരണയിലെത്തിയുമാണ് 10 മീറ്ററിലധികമുള്ള വള്ളങ്ങൾക്ക് വല നൽകിയിട്ടുള്ളതെന്നുമാണ് മറുപടി നൽകിയിരിയ്ക്കുന്നത്. എന്നാൽ ഇത്

സംബന്ധിച്ചുള്ള യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല,പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശമനുസരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഗാർഹിക കുടിവെള്ള കണക്ഷൻ - 2018 ൽ പൈപ്പ് ലൈൻ കണക്ഷൻ എടുത്തയാൾക്ക് 2019-20 ലെ പ്രോജക്ടിലുൾപ്പെടുത്തി ആനുകൂല്യം നൽകി

പ്രോജക്ട് നമ്പർ - S0031/20

അടങ്കൽ - 35000/- വികസനഫണ്ട് -പട്ടികജാതി വിഹിതം

ചെലവ് - ബിൽ നമ്പർ - 5/19-20 തീയതി. 27.9.19 – 7000/-

ബിൽ നമ്പർ - 12/19-20 തീയതി. 22.2.20 – 7000/-

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിലുൾപ്പെടുത്തി ആനുകൂല്യം നൽകിയ അനിരുദ്ധൻ, പോക്കാട്ട് കുന്നേൽ, കനകക്കുന്ന് എന്നയാൾ വാട്ടർ കണക്ഷൻ എടുത്തതിനെ സാധൂകരിക്കുന്നതിനായി ഹാജരാക്കിയിട്ടുള്ള ARZ/6283/D നമ്പർ കൺസ്യൂമർ കാർഡിലെ തീയതി 8.5.18 ആണ്. അതായത് നിലവിൽ കുടിവെള്ള കണക്ഷൻ ഉള്ളയാൾക്കാണ് 2019-20 ൽ ആനുകൂല്യം നൽകിയത്. കുടിവെള്ള കണക്ഷൻ ഉള്ളയാൾക്ക് വീണ്ടും ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് 2018-19 കാലയളവിൽ ഗുണഭോക്താവിനെ കൊണ്ട് തുക അനുവദിച്ച് തരാം എന്നുള്ള വ്യവസ്ഥയിൽ വാട്ടർ കണക്ഷൻ എടുപ്പിക്കുകയും തൻവർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ ടിയാൾ ഉൾപ്പെടാതെ വരുകയും തുടർന്ന് അധിക ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ടിയാന് 2019-20 ലെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുകയും തുടർന്ന് 23.6.21 ലെ 23(4) നമ്പർ കമ്മറ്റി തീരുമാനത്തിലൂടെ ഈ നടപടി സാധൂകരിക്കുയും ചെയ്തിട്ടുണ്ടെന്നാണ്. ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെ ഏറ്റവും പ്രധാന നടപടിയായ ഗ്രാമസഭ വഴിയുള്ള തെരെഞ്ഞെടുപ്പിൽ ഉൾപ്പെടാത്തയാൾക്ക് ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല. ഗുണഭോക്തൃ തെരെഞ്ഞെടുപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-18 ഗാർഹിക കുടിവെള്ള കണക്ഷൻ - അനർഹർക്ക് ആനുകൂല്യം നൽകി

പ്രോജക്ട് നം. - S0050/20

അടങ്കൽ - 245000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണം - വി.ഇ.ഒ.

ചെലവ്

ബിൽ നം. 24/18.1.2020 - 5000/-

ബിൽ നം. 29/18.1.2020 - 20000/-

ബിൽ നം. 30/18.1.2020 - 5000/-

ബിൽ നം. 32/6.2..2020 - 10000/-

ബിൽ നം. 34/6.2.2020 - 25000/-

ബിൽ നം. 48/31.3.2020 - 15000/-

ബിൽ നം. 54/31.3.2020 - 50000/-

ബിൽ നം. 55/31.3.2020 - 45000/-

പ്രോജക്ടിലുൾപ്പെടുത്തി ആനുകൂല്യം നൽകിയ സുബി, മിൻസിരിയ മൻസിൽ, കൺസ്യൂമർ നമ്പർ ARZ/827/D പ്രൊവിഷണൽ ഇൻവോയ്സ് കാർഡിലെ കണക്ഷൻ തീയതി 1.1.1991 ആണ്. 18.1.2020 ൽ മുഹമ്മദ് സലിയുടെ പേരിലുള്ള കണക്ഷൻ സലി&സുബിയുടെ പേരിലേയ്ക്ക് എഗ്രിമെന്റ് നമ്പർ 538/19-20 പ്രകാരം മാറ്റി നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം 1.1.1991 ൽ കണക്ഷൻ എടുത്തയാൾക്ക് നൽകിയ 5000/- രൂപ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

ന്യൂ പ്രോജക്ടായി അംഗീകാരം വാങ്ങിയ പ്രോജക്ടിലെ ചുവടെ ചേർത്തിരിക്കുന്നവരുടെ കണക്ഷൻ എടുത്ത തീയതികൾ മുൻ സാമ്പത്തിക വർഷത്തെയാണെന്ന് കാണുന്നു. അതായത് പ്രോജക്ട് രൂപീകരണസമയത്ത് കുടിവെള്ള കണക്ഷൻ ഉള്ളവർക്ക് ആനുകൂല്യം നൽകിയതെന്നാണ് മനസ്സിലാകുന്നത്. ഇപ്രകാരം ന്യൂ പ്രോജക്ടിൽ ഉൾപ്പെടുത്തി മുൻ സാമ്പത്തിക വർഷം കണക്ഷൻ എടുത്തവർക്ക് ആനുകൂല്യം നൽകിയത് ശരിയായ നടപടിയല്ല. ഇവർക്കായി ചെലവഴിച്ച 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1. സുജിത്ത്, ശ്രീവിലാസം, ARZ/6505/D/16.3.19

2. വസന്ത, കുന്നുകണ്ടത്തിൽ ARZ/6514/D/31.3.19

3. ചന്ദ്രൻ, ചന്ദ്ര ഭവനം, ARZ/6476/D/11.2.19

4. സുശീല, സുരേഷ് ഭവനം, ARZ/6504/D/12.3.19

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 11/19.11.21 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകൾ നടപ്പാക്കുമ്പോഴും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോഴും കൂടുതൽ സൂക്ഷമത പുലർത്തേണ്ടതും അർഹരായവർക്ക് മാത്രം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ -അധികമായി ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ലഭിച്ചില്ല

പ്രോജക്ട് നം -180/20

നിർവ്വഹണം – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്റ്റിന്റെ പേര് - ബഡ്സ് സ്കൂൾ പ്രവർത്തന സജ്ജമാക്കൽ

വാർഡ് 11 ലെ ബഡ്സ് സ്കൂൾ കെട്ടിടം ഇലക്ട്രിഫിക്കേഷന് വേണ്ടി 276200 രൂപ പി.ഡബ്ല്യു.ഡി, ഇലക്ട്രിക് സബ് ഡിവിഷൻ, ആലപ്പുഴക്ക് നല്കി. നല്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം /ട്രഷറി ബിൽ നം | തുക |
|---|---|
| ചെക്ക് നം.2704098/11-02-2020 | 126200 |
| ചെക്ക് നം.2704099/12-02-2020 | 100000 |
| ബിൽ നം.13/19-20/25-01-2020 | 50000 |

തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം, കംപ്ളീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 10/18-11-21 ന് നല്കിയ മറുപടിയിൽ ഇ മെയിൽ വഴി ലഭ്യമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സാക്ഷ്യപത്രത്തിലെ രേഖപ്പെടുത്തൽ അവ്യക്തമാണ്. വ്യക്തതയുള്ള ഒറിജിനൽ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ലഭ്യമാക്കിയ സാക്ഷ്യ പത്രത്തിൽ 212172 രൂപ പ്രവർത്തിയുടെ പൂർത്തീകരണത്തിനായി വിനിയോഗിച്ചെന്നും ബാലൻസ് 64028 രൂപ ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ബാലൻസ് നിൽക്കുന്ന തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ് .

## 1-20 ഫിഷറീസ് ഹോസ്പിറ്റൽ മുതൽ 14-ാം നമ്പർ റോഡ് ഫില്ലിംഗ് ആന്റ് പാർശ്വഭിത്തി നിർമ്മാണം - പിഴ ഈടാക്കിയതിൽ കുറവ്

ഫിഷറീസ് ഹോസ്പിറ്റൽ മുതൽ 14-ാം നമ്പർ റോഡ് ഫില്ലിംഗ് ആന്റ് പാർശ്വഭിത്തി നിർമ്മാണം എന്ന പദ്ധതിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് | 1100000 |
| കരാർ നം | 25/AE/18-19/19.02.19 |
| എഗ്രീഡ്. പി.എ.സി | 1099731/30.1.19 |
| കരാറുകാരന്റെ പേര് | ഷെറീഫ് |
| ആകെ മൂല്യം | 1030310.70 |
| തുക | 273205/-ബിൽ നം.5/12.06.19 |
| | 445643/-ബിൽ നം.16/27.9.19 |
| | 311463/-ബിൽ നം.41/13.03.20 |
| എം ബുക്ക് നം | 37/18-19,19/19-20 |

ഈ പദ്ധതിക്കായി കരാർ ചമച്ചത് 19.02.19 ലും ആദ്യ അളവ് രേഖപ്പെടുത്തിയത് 11.03.19 ലാണെങ്കിലും അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 21.12.19 ൽ മാത്രമാണ്. 3rd പാർട്ട് ബില്ലിന്റെ മൂല്യമായ 311463 ന്റെ 2%, 6230 രൂപ മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. പി.എ.സി യുടെ അടിസ്ഥാനത്തിലാവണം പിഴ നിശ്ചയിക്കേണ്ടത്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. കരാറുകാരനിൽ നിന്നും അപേക്ഷ ലഭിക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി കരാർ ചമച്ച് കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാതെയുമാണ് അവസാന തുക അനുവദിച്ചിട്ടുള്ളത്. പ്രവൃത്തി ഇത്രയും വൈകിയ സാഹചര്യത്തിൽ പി.എ.സി യുടെ 3% പിഴ ഈടാക്കിക്കൊണ്ട് കരാർകാലയളവ് ദീർഘിപ്പിക്കാമായിരുന്നു. എന്നാൽ അപ്രകാരമുള്ള നടപടികളൊന്നും സ്വീകരിക്കാതെ 3rd പാർട്ട് ബില്ലിന്റെ മൂല്യമായ 311463 ന്റെ 2%, 6230 രൂപ മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. ഈടാക്കേണ്ടിയിരുന്ന പിഴ PAC യുടെ 3% ആയ 32992 (1099731x3% )രൂപയായിരുന്നു എന്നിരിക്കെ ഈടാക്കിയത് 6230 രൂപാ മാത്രവും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/19-20), കരാറുകാരനിൽ നിന്നും ബാലൻസ് തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 കുട്ടികളുടെ അവധിക്കാല ക്യാമ്പ് നടത്തുന്നതിനായി ചെലവഴിച്ച തുക കിലയിൽ നിന്ന് റീഇംബേഴ്സ് ചെയ്ത് ലഭിച്ചിട്ടില്ല

പെൻസിൽ - കുട്ടികളുടെ അവധിക്കാല ക്യാമ്പ് നടത്തുന്നതിനായി ചുവടെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം | ചെലവ് തുക | ചെലവിനം |
|---|---|---|
| 219000181/06-06-2019 | 9000 | ഭക്ഷണയിനത്തിൽ ചെലവായ തുക |
| 219000182/06-06-2019 | 6000 | ഹാൾ, മൈക്ക് എന്നിവയുടെ വാടക, മിഠായി, പഴം എന്നിവയുടെ വില |

ക്യാമ്പിൽ 18 വാർഡിൽ നിന്നായി 91 കുട്ടികൾ പങ്കെടുത്തു. ഒരു വാർഡിൽ നിന്ന് 05 കുട്ടികളെ വീതം പങ്കെടുപ്പിക്കുന്നതിനാണ് നിർദ്ദേശമുള്ളത്. ഒരു കുട്ടിയുടെ ചെലവിലേക്കായി 100 രൂപ വീതം കിലയിൽ നിന്ന് റീ ഇംബേഴ്സ് ചെയ്ത് കിട്ടുന്നതാണ്. ഇപ്രകാരം 18 വാർഡിലേക്ക് 90 കുട്ടികളുടെ ചെലവ് തുക 9000 രൂപ കിലയിൽ നിന്ന് റീ ഇംബേഴ്സ് ചെയ്ത് കിട്ടിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം 02/10-11-21 ന് നല്കിയ വിശദീകരണത്തിൽ ടി തുക ലഭ്യമാക്കാൻ കിലക്ക് കത്ത് നല്കിയെങ്കിലും റീഇംബേഴ്സ് ചെയ്ത് കിട്ടിയിട്ടില്ലയെന്ന് മറുപടി നല്കിയിട്ടുണ്ട്. ടി തുക ലഭ്യമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതും വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-22 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്റ്റ് നം-35/20

| പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | ഫണ്ട് | ബിൽ നം | തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തീയതി |
|---|---|---|---|---|---|
| ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ | 700000 | 700000 | മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 7/16-01-20 | 18-01-2020 അക്കൗണ്ട് നം- PUNB0362400- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 3624001800000019 |

കെ.എം.എസ്.സി.എല്ലിന് 23/12/19 ലെ പ്രഫോർമ ഇൻവോയിസ് PRF 3440 പ്രകാരം 700000 രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ 28-09-21 വരെ 521755 രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 178245 രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

### 1-23 മംഗലം യു.പി.എസ് മെയിന്റനൻസ് (S0084/19) - ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾക്ക് സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾ സ്വീകരിച്ചില്ല- ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി

മംഗലം യു.പി.എസ് മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഇനം. 6 ആയി 3 ജനാല, 2 വാതിൽ എന്നിവ നീക്കം ചെയ്തിരുന്നു. എന്നാൽ സർവ്വെ റിപ്പോർട്ട് തയ്യാറാക്കുകയോ അതിനനുസൃതമായി ലേല നടപടികൾ സ്വീകരിക്കുകയോ ചെയ്തിരുന്നില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെ (3/19-20) തുടർന്ന് സർവ്വെ റിപ്പോർട്ട് തയ്യാറാക്കി (440/- 1183760/18.11.2021) തുക പഞ്ചായത്തിൽ ഒടുക്കി.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ചുമത്തിയില്ല

125000 രൂപക്ക് മുകളിൽ അർദ്ധവാർഷിക വരുമാനമുള്ളവരിൽ നിന്നും പരമാവധി തൊഴിൽ നികുതിയായ 1250 രൂപയാണ് ഗ്രാമപഞ്ചായത്ത് ഈടാക്കുന്നത്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാന പത്രിക പ്രകാരം അവരുടെ വരുമാനം 125000 രൂപക്ക് മുകളിലായിരുന്നിട്ടും അവരിൽ നിന്നും 1250 രൂപ ഡിമാൻഡ് ചെയ്തീടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. ഇത് മൂലം ഗ്രാമപഞ്ചായത്തിന് 750 രൂപയുടെ നഷ്ടമുണ്ടായി.

| സ്ഥാപനം | ജീവനക്കാരന്റെ /ജീവനക്കാരിയുടെ പേര് | അർദ്ധ വർഷം | തസ്തിക | ആകെ അർദ്ധ വാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| ഗവ.ഫിഷറീസ് ഡിസ്പെൻസറി | പ്രിയ.ആർ | I | ഓഫീസ് അറ്റൻഡന്റ് | 126000 | 1250 | 1000 | 250 |
| പ്രഥമികാരോഗ്യ കേന്ദ്രം | ഷീജ.ഐ | I | നേഴ്സിംഗ് അസിസ്റ്റന്റ് | 177120 | 1250 | 1000 | 250 |
| ഗവ.ആയുർവേദ ഡിസ്പെൻസറി | നാസർ.എ | II | അറ്റൻഡർ | 129600 | 1250 | 1000 | 250 |
| ആകെ | | | | | | | 750 |

കുറവ് വന്ന തുക ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും ഈടാക്കുന്നതാണെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം- 1/19-20) തുക ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗാർഹിക കുടിവെള്ള കണക്ഷൻ - അനർഹർക്ക് ആനുകൂല്യം നൽകി

പ്രോജക്റ്റ് നം. - S0050/20

അടങ്കൽ - 245000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണം - വി.ഇ.ഒ.

ചെലവ്

ബിൽ നം. 24/18.1.2020 - 5000/-

ബിൽ നം. 29/18.1.2020 - 20000/-

ബിൽ നം. 30/18.1.2020 - 5000/-

ബിൽ നം. 32/6.2.2020 - 10000/-

ബിൽ നം. 34/6.2.2020 - 25000/-

ബിൽ നം. 48/31.3.2020 - 15000/-

ബിൽ നം. 54/31.3.2020 - 50000/-

ബിൽ നം. 55/31.3.2020 - 45000/-

പ്രോജക്റ്റിലുൾപ്പെടുത്തി ആനുകൂല്യം നൽകിയ സുബി,മിൻസിരിയ മൻസിൽ, കൺസ്യൂമർ നമ്പർ ARZ/827/D നമ്പർ പ്രൊവിഷണൽ ഇൻവോയ്സ് കാർഡിലെ കണക്ഷൻ തീയതി 1.1.1991 ആണ്. 18.1.20 ൽ മുഹമ്മദ് സലിയുടെ പേരിലുള്ള കണക്ഷൻ സലി&സുബിയുടെ പേരിലേയ്ക്ക് എഗ്രിമെന്റ് നമ്പർ 538/19-20 പ്രകാരം മാറ്റി നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രാകാരം 1.1.1991 ൽ കണക്ഷൻ എടുത്തയാൾക്ക് നൽകിയ 5000/- രൂപ അംഗീകരിയ്ക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-2 പ്ലൈവുഡ് വള്ളങ്ങൾക്ക് വല നൽകൽ -സബ്സിഡി അധികമായി അനുവദിച്ചു

പ്രോജക്റ്റിന്റെ പേര്:- പ്ലൈവുഡ് വള്ളങ്ങൾക്ക് വല നൽകൽ (പരമ്പരാഗത മത്സ്യത്തൊഴിലാളി)

പ്രോജക്ട് നം.97/20

അടങ്കൽ-9,00,000 - (4,50,000 (വികസനഫണ്ട്), 4,50,000 (ഗുണഭോക്തൃവിഹിതം))

നിർവഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്,

വള്ള ഉടമസ്ഥരായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പത്ത് മീറ്റർ OAL (Overall Length) അധികരിക്കാത്ത FRP/മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ പഴയ വല മാറ്റി പുതിയത് വാങ്ങുന്നതിനായി നടപ്പാക്കിയ പദ്ധതിയാണിത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം യൂണിറ്റ് വിലയുടെ 50% പരമാവധി 25,000 രൂപയാണ് അനുവദനീയമായ സബ്സിഡി. ഗുണഭോക്തൃവിഹിതം മത്സ്യഫെഡിൽ അടച്ച് മത്സ്യഫെഡിൽ നിന്നും ആണ് വല വാങ്ങിയത്.

ഫയലിനോടൊപ്പം ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ആകെ 18 ഗുണഭോക്താക്കൾക്കാണ് സബ്സിഡി ലഭ്യമാക്കിയിരിയ്ക്കുന്നത്. എന്നാൽ ഫയലിനൊപ്പം ലഭ്യമാക്കിയ മത്സ്യഫെഡ് ഇൻവോയിസ് പ്രകാരം 17 പേരുടെ ഇൻവോയിസ് മാത്രമേ ഹാജരാക്കിയുള്ളൂ. ഇതിൽ 16 പേർ 50,000 രൂപയുടെ ബില്ലുകൾ ഹാജരാക്കിയിരുന്നു. പ്രശാന്തൻ, തെക്കേപ്പുറം, വലിയഴീക്കൽ 19631/-രൂപയുടെ ബില്ലാണ് ഹാജരാക്കിയിരിയ്ക്കുന്നത്. ഷറഫുദ്ദീൻ, അലീഫാമൻസിൽ .കള്ളികാട് എന്ന വ്യക്തി ബിൽ ഹാജരാക്കിയിട്ടില്ല. ബിൽ ഹാജരാക്കാതെ തന്നെ ആകെ സബ്സിഡി തുകയായ 4,50,000 രൂപ മത്സ്യഫെഡ് വ്യാസ സ്റ്റോർ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്( ട്രഷറി ബിൽ നം 1/22-03-20)മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 7/16-11-21 ലഭ്യമാക്കിയ മറുപടിയിൽ 19631/- രൂപയുടെ ബിൽ രണ്ട് പ്രാവശ്യമായി വല വാങ്ങിയതാണെന്നും ഒരു ബിൽ കൈമോശം വന്നു പോയിട്ടുള്ളതാണെന്നും ആയത് മത്സ്യഫെഡ് വ്യാസസ്റ്റോറിൽ നിന്നും കളക്ട് ചെയ്ത് സമർപ്പിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബിൽ ഹാജരാക്കാത്തതിനാൽ 15185/-രൂപ(25000-9815) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഷറഫുദ്ദീൻ, അലീഫാമൻസിൽ .കള്ളികാട് എന്ന വ്യക്തിയുടെ ബില്ലുകളോ മറ്റ് വിവരങ്ങളോ ഹാജരാക്കാത്തതിനാൽ അധികം നൽകിയ 25000 രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1100000 | ലൈഫ് | 200000 | 900000 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 31840 | പാലിയേറ്റീവ് കെയർ | 31840 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 310450 | സ്കോളർഷിപ്പ് | 310450 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | എസ്.എൻ.പി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 310450 | സ്കോളർഷിപ്പ് | 310450 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി(2019-20) | പോസ്റ്റ് ഷിഫ്റ്റിംഗ് | | 87367 | 12360 | 75007(യു.സി കിട്ടിയിട്ടില്ല) |
| പി.ഡബ്യു.ഡി | ബഡ്സ് സ്കൂൾ ഫംഗ്ഷണിംഗ് | | 276200 | 0 | 276200(യു.സി-യിലെ രേഖപ്പെടുത്തൽ അപൂർണ്ണം ഖ.1-19)) |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2460000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 2019-20 | LIFE | 2460000 | 1489315 | 500000 | | 3449315 |
| 2020-21 | EMS | - | 2714515 | 2714515 | | 0 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000000 |
| തൻവർഷ നിക്ഷേപം | 0 |
| ആകെ | 10000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 10000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്,ട്രഷറി, പോസ്റ്റോഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | അക്കൌണ്ട് നം. |
|---|---|---|---|---|---|
| 1 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ആറാട്ടുപുഴ | 16.11.18 | 1.5 വർഷം | 10000000 | രസീത് നം. 263/23.11.18 ആറാട്ടുപുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. എ995 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2017-18 | 2-7 | 5000 | ശിവപ്രസാദ് | 119060900029/13.06.2019 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09<br>2009-10<br>2010-11 | 3-32<br>3-12<br>3-15 | 2012-13 | - | സമ്പൂർണ്ണ ഊർജ്ജാസൂത്രണം ഹോമിയോ മെഡിക്കൽ ഓഫീസർ മരുന്ന വാങ്ങൽ പദ്ധതി നിർവ്വഹണ തുക | ലഭ്യമല്ല |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 64200580 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 63311216 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 30000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 277458 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5000 | ശ്രുതി, വി.ഇ.ഒ |
| 3-2 | | 25000 | ലൂസി.എ.ഐ, ഫിഷറീസ് ഇൻസ്പെക്ടർ |
| ആകെ | | 30000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 15185 | ലൂസി.എ.ഐ, ഫിഷറീസ് ഇൻസ്പെക്ടർ |
| 1-18 | 20000 | ശ്രുതി, വി.ഇ.ഒ |
| 1-19 | 64028 | ലക്ഷ്മി.എസ്.നായർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-22 | 178245 | ഡോ.നൂപുര, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| ആകെ | 277458 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രുതി, വി.ഇ.ഒ | വി.ഇ.ഒ, പത്തിയൂർ ഗ്രാമപഞ്ചായത്ത് | ശരദ, പ്രയാർ നോർത്ത് പ്രയാർ പി.ഒ, ഓച്ചിറ |
| ലൂസി.എ.ഐ, | - | ആറാട്ടുകളം, |

| | | |
|---|---|---|
| ഫിഷറീസ് ഇൻസ്പെക്ടർ | | അന്ധകാരനഴി.പി.ഒ. ചേർത്തല |
| ലക്ഷ്മി.എസ്.നായർ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ പെരുക്കടവിള | സതീ ഭവൻ കുരുത്തംകോട്.പി.ഒ. തിരുവനന്തപുരം |
| ഡോ.നൂപുര, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ആറാട്ടുപുഴ | തെക്കേപറമ്പിൽ ഹൗസ്, മംഗലം, ആറാട്ടുപുഴ |
| | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87 | എൽ.എഫ്.എ.1486/89/10.03.90 |
| 1987-88 | എൽ.എഫ്.എ.1570/90/06.02.91 |
| 1988-89 | എൽ.എഫ്.എ.730/91/12.8.92 |
| 1989-90 | എൽ.എഫ്.എ.564/92/18.08.92 |
| 1990-91,1991-92 | എൽ.എഫ്.എ.1057/93/05.11.95 |
| 1992-93 | എൽ.എഫ്.എ.1216/94/17.01.95 |
| 1993-94 | എൽ.എഫ്.എ.116/98/5.3.96 |
| 1994-95, 1995-96 | എൽ.എഫ്.എ5/58/98/26.0.98 |
| 1996-97 (ചെലവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 1996-97 (വരവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 997-98 (ചെലവ്) | എൽ.എഫ്.എ10/1209/00/17.03.01 |
| 1997-98 (വരവ്) | എൽ.എഫ്.എ8/594/05/8.2.06 |

| | |
|---|---|
| 1998-99 | എൽ.എഫ്.എ8/118/02/7.12.02 |
| 1999-2000 (ചെലവ്) | എൽ.എഫ്.എ8/1413/03/13.4.04 |
| 2000-01 | എൽ.എഫ്.എ8/1414/03/13.04.04 |
| 2001-02 | എൽ.എഫ്.എ13/375/08/17.12.08/13.01.09 |
| 2002-03 | എൽ.എഫ്.എ13/380/08/19.12.08/19.01.09 |
| 2003-04 | എൽ.എഫ്.എ13/381/88/19.12.08/16.01.09 |
| 2004-05 | എൽ.എഫ്.എ13/393/08/7.4.09 |
| 2005-06, 2006-07(ചെലവ്) | എൽ.എഫ്.എ13/483/09/8.5.09 |
| 2006-07 (വരവ്) | എൽ.എഫ്.എ.13/549/10/31.01.2011 |
| 2007-08 | എൽ.എഫ്.എ13/550/10/31.01.2011 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.എ.പി4.1068/2012, തീയതി, 12.12.12/08.03.13 |
| 2011-12, 2012-13 | എൽ.എഫ്.എ.പി14/1839/2014/ 10.02.15 |
| 2013-14 | എൽ.എഫ്.എ.പി4/671/15/4.08.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി4-745/16, 16.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി13-1448/16, തീയതി.17.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി13-746/2017 തീയതി. 19.06.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി13-1657/2018 തീയതി. 05.01.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി-പി9-793/2020 തീയതി: 12.01.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്